# KERALA POLICE INFORMATION CENTRE

**No.** 11/PR/PIC/PHQ/10 **Date :** **04 /02/10**

## ക്രമസമാധാനപാലനത്തിൽ നിന്നും കേസന്വേഷണ വിഭാഗത്തെ വേർപെടുത്തുന്നു.

കേസന്വേഷണം മികവുറ്റതാക്കണമെന്ന ഉദ്ദേശത്തോടുകൂടി ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം ക്രമസമാധാനപാലനത്തിൽ നിന്നും കേസന്വേഷണവിഭാഗത്തെ വേർതിരിക്കാൻ സംസ്ഥാന സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഇതനുസരിച്ച് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ഉടൻതന്നെ പുതിയ സംവിധാനം നിലവിൽ വരുന്നതാണ്. കേസന്വേഷണ വിഭാഗത്തിലെ അംഗങ്ങളെ മറ്റു ഡ്യൂട്ടികൾക്കായി ഉപയോഗിക്കുവാൻ പാടില്ലയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കേസ്സന്വേഷണം സംബന്ധിച്ച അറിവ്, യോഗ്യത, വൈദഗ്ധ്യം എന്നിവയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാരെ ഉൾക്കൊള്ളിച്ചുകൊണ്ട് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും അന്വേഷണവിഭാഗം രൂപീകരിക്കും. സബ്ബ് ഇൻസ്പെക്ടർ റാങ്കിലുള്ള (SI-Investigation Wing) ഉദ്യോഗസ്ഥനായിരിക്കും കേസന്വേഷണവിഭാഗത്തിന്റെ ചുമതല. അന്വേഷണവിഭാഗം ഉൾപ്പെടെയുള്ള പോലീസ് സ്റ്റേഷനിലെ എല്ലാ അംഗങ്ങളും പ്രിൻസിപ്പൽ SI യുടെ നിയന്ത്രണത്തിലായിരിക്കും പ്രവർത്തിയെടുക്കുക. അന്വേഷണവിഭാഗത്തിലെ ഉദ്യോഗസ്ഥന്മാരെ പോലീസ് സുപ്രണ്ടിന് അനിവാര്യമായ ക്രമസമാധാന ഡ്യൂട്ടികൾക്കായി നിയോഗിക്കാവുന്നതാണ്. എന്നാൽ പ്രകൃതി ദുരന്തമോ അതുപോലെ കൂടുതൽ ആളുകൾക്ക് ജീവഹാനി സംഭവിക്കാനിടയുള്ള അപകടങ്ങളോ ഉണ്ടായാൽ മേലുദ്യോഗസ്ഥരുടെ അറിവോടുകൂടി SHO മാർക്ക് ഈ ഉദ്യോഗസ്ഥരെ അത്തരം ഡ്യൂട്ടിക്കായി നിയോഗിക്കാവുന്നതാണ്.

കാലതാമസം കൂടാതെയും സമയബന്ധിതമായും കേസന്വേഷണം നടത്തുകയെന്നതാണ് ഈ വിഭാഗത്തിന്റെ കർത്തവ്യം. ഡ്യൂട്ടിസമയത്ത് അന്വേഷണവിഭാഗത്തിലെ അംഗങ്ങൾ യൂണിഫോമിലായിരിക്കും. അന്വേഷണവിഭാഗം രൂപീകൃതമായശേഷവും അടിയന്തിരഘട്ടങ്ങളിൽ അന്വേഷണവിഭാഗം ഉദ്യോഗസ്ഥരുടെ അഭാവത്തിൽ കേസന്വേഷണം ഏറ്റെടുക്കാൻ ക്രമസമാധാന വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് യാതൊരു നിയമതടസ്സവും ഇല്ല. പോലീസ് സ്റ്റേഷനിൽ ഏത് അടിയന്തിര സാഹചര്യം സംബന്ധിച്ച വിവരം ലഭിച്ചാലും അത് സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ ഉടനടി സംഭവസ്ഥലത്ത് എത്തിച്ചേർന്ന് ആവശ്യമായ മേൽ നടപടി സ്വീകരിക്കേണ്ടതാണ്. തന്റെ സാന്നിദ്ധ്യത്തിൽ ഉണ്ടാകുന്ന ഏതു ക്രമസമാധാന പ്രശ്നങ്ങളിലും മറ്റുദ്യോഗസ്ഥൻമാർ വരുന്നതുവരെ അടിയന്തിരമായി ഇടപെടാൻ അന്വേഷണവിഭാഗത്തിലെ ഉദ്യോഗസ്ഥർക്കും അധികാരമുണ്ടായിരിക്കും.